ചേർത്തല ഓട്ടോകാസ്റ്റിനെ സംരക്ഷിക്കുന്നതിന് നടപടി

188 (6639) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ചേർത്തല ഓട്ടോകാസ്റ്റ് വൻ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റെയിൽവേയുമായി ചേർന്ന് കമ്പനി പുനരുദ്ധാരണത്തിന് നടത്തിയ നീക്കങ്ങളിൽ ഇപ്പോൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ;

(സി) ഓട്ടോകാസ്റ്റിനെ നിലനിർത്താൻ ഏതെങ്കിലും വിദഗ്ദ്ധ അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഓട്ടോകാസ്റ്റിനെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓട്ടോകാസ്റ്റ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിദഗ്ദ്ധ അന്വേഷണങ്ങൾക്കും വിശകലനങ്ങൾക്കും ശേഷം കമ്പനി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജ്, BIFR മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഓട്ടോകാസ്റ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം 689.15 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അതിൽ 246 ലക്ഷം രൂപ കമ്പനിയിൽ തുടങ്ങിവച്ച സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയാണ്. പദ്ധതിയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 1125 ലക്ഷം രൂപയുടെ ധനസഹായം ഓട്ടോകാസ്റ്റിന്റെ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തികവർഷം 400 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തിനുള്ള ഭരണാനുമതി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനങ്ങൾ

189 (6640) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട/വൻകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കുന്നതിനും അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വ്യവസായ വികസനത്തിനുമായി വ്യവസായ വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യവസായ വികസനത്തിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കും മറ്റുമായി 2014-15 വർഷത്തേക്ക് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ജനറൽ മാനേജർമാരും താലൂക്ക് വ്യവസായ ഓഫീസർമാരും വ്യവസായ് വികസന ഓഫീസർമാരും സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രവർത്തനങ്ങളിൽ ആവശ്യമായ നിർദ്ദേശം നൽകിവരുന്നു. കേരളത്തിലെ ഇടത്തരം-വൻകിട വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഉള്ള സ്ഥലം, സാമ്പത്തിക സഹായം എന്നിവ നൽകുന്നതോടൊപ്പം ആവശ്യമായ വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ, ഏകജാലക സംവിധാനം, ജില്ലാതല സംഗമങ്ങൾ, സെക്ടറൽ മീറ്റിംഗുകൾ, ആഗോള നിക്ഷേപക സംഗമം, വ്യവസായ വികസന പഠനങ്ങൾ എന്നിവയും കെ.എസ്.ഐ.ഡി.സി. നടത്തിവരുന്നു. കേരളത്തിലെ വ്യവസായികൾക്ക് വിദേശ രാജ്യങ്ങളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഓവർസീസ് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ കെ.എസ്.ഐ.ഡി.സി.-യിൽ പ്രവർത്തിച്ചുവരുന്നു.

(ബി) വ്യവസായ വികസനത്തിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു :

- വർക്ക് സ്റ്റഡി/മാൻപവർ അസസ്സ്മെന്റ് സ്റ്റഡി
- സ്ഥാപനങ്ങളുടെ ഘടന/പുനഃസംഘടന എന്നിവയെ സംബന്ധിച്ച പഠനങ്ങൾ
- സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച പഠനങ്ങൾ
- പെർഫോമൻസ് അപ്രൈസൽ
- ബിസിനസ്സ് പ്രോസസ്സ് റീ-എഞ്ചിനീയറിംഗ്
- പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ
- ഫിനാൻഷ്യൽ അപ്രൈസൽ
- അസറ്റ് വാല്യുവേഷൻ
- റിക്രൂട്ട്മെന്റ്/സെലക്ഷൻ ടെസ്റ്റുകൾ
- സ്കിൽ ടെസ്റ്റുകൾ
- മാനേജ്മെന്റ് പരിശീലനങ്ങൾ
- മൈക്രോ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ടെക്സ്റ്റയിൽ, ഭക്ഷ്യസംസ്കരണം, കരകൗശലം, കമ്പ്യൂട്ടർ,

LIBRARY ARCHIVES Kerala Legislative Assembly

പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ, ഫോട്ടോഗ്രാഫി, ഇലക്ട്രോണിക്സ്, യാത്രാബാഗുകൾ, പേപ്പർ ഉല്പന്നങ്ങൾ, കാർഷിക പരമ്പരാഗത മേഖല, സോളാർ എനർജി എന്നീ മേഖലകളിൽ ഗ്രാമീണതല ഉല്പന്നാധിഷ്ഠിത തൊഴിൽ വൈദഗ്ദ്ധ്യ പരിപാടികൾ സംഘടിപ്പിക്കൽ

- സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ രൂപീകരണത്തിനായി സമർപ്പിക്കേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ
- വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(സി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ പ്രവർത്തനങ്ങൾക്കും മറ്റുമായി 2014-15 വർഷത്തേക്ക് 40,00,000 രൂപ (നാൽപ്പത് ലക്ഷം രൂപ) നീക്കിവച്ചിരുന്നതും ആയത് 7-6-2014-ലെ സ.ഉ.(സാധ) 608/14/ID പ്രകാരം റിലീസ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്.

സിൽക്കിൽനിന്നും വിരമിച്ചവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

190 (6641) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽനിന്നും 2013-14 വർഷങ്ങളിൽ പിരിയുന്ന ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടിവരുന്ന തുക സിൽക്ക് കണ്ടെത്തുമെന്ന് സർക്കാർ ഉറപ്പുപറഞ്ഞിരുന്നിട്ടും 2013 നവംബർ മാസത്തിൽ ഈ സ്ഥാപനത്തിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാത്തത് എന്തുകൊണ്ടാണെന്നു പറയാമോ ; അടിയന്തരമായി ഈ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ കാലയളവിൽ പിരിഞ്ഞ ജീവനക്കാർക്ക് 2013 ജൂലൈ മാസം സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവുകൂടി ഉൾപ്പെടുത്തി ഗ്രാറ്റുവിറ്റി കണക്കാക്കി നൽകുമോ ?

ഉത്തരം

(എ) സിൽക്ക് സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിൽ ഫണ്ടിന്റെ കുറവു മൂലം പിരിയുന്ന ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

(ബി) 2013 ജൂലൈ മാസം സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവ് 1-1-2014 മുതൽ സിൽക്കിലെ ജീവനക്കാർക്ക് അനുവദിച്ചുനൽകാൻ സിൽക്ക് ബോർഡ് യോഗം തീരുമാനമെടുത്തെങ്കിലും വർദ്ധിപ്പിച്ച ഡി.എ. ഫണ്ടിന്റെ കുറവുമൂലം വിതരണം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly